(ബി) കായംകുളം മുനിസിപ്പൽ അതിർത്തിയിൽപ്പെടുന്ന റവന്യു പുറം പോക്കുകളിൽ നിന്നിരുന്ന വിലപിടിപ്പുള്ള വൃക്ഷങ്ങൾ ചട്ടങ്ങൾ പാലിക്കാതെ മുറിച്ചുമാറ്റുകയും തട്ടികൾക്ക് ലഭിക്കേണ്ട വില മുനിസിപ്പൽ ഫണ്ടിലോ സർക്കാർ ഖജനാവിലോ അടയ്ക്കാതെയും ഇരുന്ന ക്രമരഹിതമായ നടപടികളിൽ പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരനെന്നു കണ്ടതിന്റെ അടിസ്ഥാനത്തിലാണ് അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(സി) സസ്പെൻഷനിലായതിനാൽ ചുമതല ഒന്നും നൽകിയിട്ടില്ല.

(ഡി&ഇ) പ്രാഥമികാന്വേഷണം നടന്നുകഴിഞ്ഞു. അച്ചടക്കനടപടികളുടെ ഭാഗമായി കൂടുതൽ അന്വേഷണം ആവശ്യമാണെന്നു കണ്ടാൽ യഥാസമയം തീരുമാനം എടുക്കുന്നതാണ്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ തടസ്സം

33(413) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളെ തടഞ്ഞുവച്ചുകൊണ്ട് സർക്കാർ എന്നാണ് ഉത്തരവ് നൽകിയത് ;

(ബി) ഈ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ നിരോധന ഉത്തരവുമൂലം വികസന പ്രവർത്തനങ്ങൾ നടക്കാത്തതിനാൽ ഈ പഞ്ചായത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) നിരോധന ഉത്തരവ് എന്നേയ്ക്ക് പിൻവലിക്കാനാവുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാരിന്റെ 8-9-1999-ലെ 38729 ഡി.പി 2/99/തസ്വഭവ. നമ്പർ കത്തുപ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം താൽക്കാലികമായി നിർത്തിവയ്ക്കാൻ ഉത്തരവ് നൽകിയിരുന്നു.

(ബി&സി) ഉത്തരവ് പിൻവലിച്ചിട്ടില്ല. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണപദ്ധതി നടത്തിപ്പിൽ ഗുരുതരമായി ക്രമക്കേടുകൾ നടന്നിട്ടുള്ളതായും, ഫണ്ട് ചെലവഴിക്കുന്നതിൽ ക്രമക്കേടുകൾ ഉണ്ടെന്ന് പ്രഥമദൃഷ്ട്യാ തെളിഞ്ഞിട്ടുണ്ടെന്നുള്ള മലപ്പുറം ബി.ഡി.പി.യുടെ റിപ്പോർട്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ജില്ലാകളക്ടറോട് 1999-2000 വർഷത്തെ പദ്ധതി വിഹിതം താൽക്കാലികമായി നിർത്തിവയ്ക്കാനും, അനന്തര നടപടികൾ സ്വീകരിച്ച് ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്യുവാനും ആണ് ഉത്തരവായത്. പ്രസ്തുത റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

(ഡി) മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും ഇതു സംബന്ധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭിച്ചാലുടൻ നിരോധന ഉത്തരവിൻമേൽ നടപടി സ്വീകരിക്കുന്നതാണ്.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ തണൽഭവനപദ്ധതി

34(414) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ തണൽ ഭവനപദ്ധതി പ്രകാരം 1999-2000-ൽ എത്ര വീടുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ;

(ബി) അവയിൽ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിപ്രകാരം എത്രപേർക്ക് 1999-2000-ൽ സഹായധനം നൽകി ;

(ഡി) ധനസഹായം ലഭിച്ചവരിൽ നിലവിൽ വീടുള്ളവരോ, ഗൾഫ്നാടുകളിൽ ജോലി ചെയ്യുന്നവരോ, കുടുംബാഗങ്ങളോ ഉൾപ്പെടുന്നുണ്ടോ ;

(ഇ) സ്വന്തമായി വീടില്ലാത്തവരും പട്ടികജാതിയിൽപ്പെട്ടതുമായ ആരുടെ എങ്കിലും അപേക്ഷ നിരസിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജനറൽ വിഭാഗത്തിൽ 450-ഉം പട്ടികജാതി വിഭാഗത്തിൽ 62-ഉം വീടുകൾ ഉൾപ്പടെ ആകെ 512 വീടുകൾ.

(ബി) 495 ഭവനങ്ങളുടെ പണി നടന്നുവരുന്നു.

(സി) 495 പേർക്ക്.

(ഡി) ഇല്ല.

(ഇ) ഇല്ല.

പനവൂർ-പേരയം റോഡിന്റെ പുനരുദ്ധാരണം

35(415) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ പനവൂർ മുതൽ പേരയം വരെയുള്ള റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly